**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5592** **24-03-2025 - ൽ മറുപടിയ്ക്ക്**

**ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ/സർക്കാർ ആശുപത്രികളിൽ നിന്നും പുറന്തള്ളപ്പെടുന്ന ബയോമെഡിക്കൽ വേസ്റ്റ് സുരക്ഷിതമായല്ല സംസ്കരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിനു കീഴിലുള്ള സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ നിന്നും പുറന്തള്ളപ്പെടുന്ന ബയോ മെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായാണ് സംസ്കരിച്ച് വരുന്നത്. സംസ്ഥാനത്തെ ആശുപത്രികളിൽ ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജനം ചെയ്യുന്നത് കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾ 2016, ഭേദഗതി ചട്ടം 2018, 2019 എന്നിവ പ്രകാരമാണ്. സംസ്ഥാനത്തെ 14 ജില്ലകളിലെ ആശുപത്രികളിൽ ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജനം നടത്തുന്നതിന് IMAGE/KEIL എന്നീ ഏജൻസികൾ മുഖേന ആണ്.<br><br>തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും IMAGE മുഖേനയും ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ നിന്നും KEIL മുഖേനയുമാണ് മാലിന്യങ്ങൾ സംസ്കരിച്ച് വരുന്നത്.<br><br>ആശുപത്രികളിൽ സ്ഥാപിച്ചിരിക്കുന്ന മഞ്ഞ, ചുവപ്പ്, നീല, വെള്ള (സുതാര്യ) ബക്കറ്റുകളിലാണ് കളർ കോഡ് അനുസരിച്ചുള്ള ബയോ മെഡിക്കൽ മാലിന്യ സെഗ്രിഗേഷൻ നടക്കുന്നത്. ഈ ബക്കറ്റുകളിലെല്ലാം ബാർ കോഡ് അടങ്ങിയ നോൺ ക്ലോറിനേറ്റഡ് ബാഗ് സ്ഥാപിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ബയോ മെഡിക്കൽ വേസ്റ്റ് മാലിന്യങ്ങൾ ആശുപത്രികളിലെ പൊതു ബയോ മെഡിക്കൽ വേസ്റ്റ് കളക്ഷൻ പോയിന്റിലേക്ക് എത്തിക്കുകയും അവിടെ നിന്നും ബയോ മെഡിക്കൽ മാലിന്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ഏജൻസിയ്ക്ക് (IMAGE/KEIL) കൈമാറുകയും, ഏജസികൾ അവരുടെ കളക്ഷൻ, ട്രീറ്റ്മെന്റ് ഏരിയയിൽ എത്തിക്കുകയും അവ ബയോ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിയമ പ്രകാരം സംസ്കരിക്കുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ ജില്ല/താലൂക്ക്/സി.എച്ച്.സി/ യു.പി.എച്ച്.സി വിഭാഗത്തിൽപ്പെടുന്ന 1,315 ആശുപത്രികളിൽ നിന്നുള്ള ബയോ മെഡിക്കൽ വേസ്റ്റുകൾ IMAGE/KEIL ഏജൻസികൾ വഴി സുരക്ഷിതമായി സംസ്കരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ പി.എച്ച്.സി./സി.എച്ച്.സി.കളിൽ വേസ്റ്റ് സംസ്കരിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ വരുന്ന എല്ലാ പി.എച്ച്.സി./എഫ്.എച്ച്.സി കളിലും കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം തന്നെ ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്ന സ്ഥാപനങ്ങളായ IMAGE, KEIL എന്നിവയുമായി അഫിലിയേഷൻ ഉള്ളവയാണ്. കൂടാതെ സംസ്ഥാനത്തെ പി.എച്ച്.സി./ എഫ്.എച്ച്.സി കളിലും എല്ലാം തന്നെ അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതിനാൽ, അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗപ്പെടുത്തിയും വേസ്റ്റ് സംസ്കരിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നുണ്ട്.<br><br>മാലിന്യ നിർമ്മാർജനം ചെയ്യുന്നതിനായി ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ പ്രാഥമികാരോഗ്യ കേന്ദ്ര തലങ്ങൾ മുതൽ ജില്ലാ, ജനറൽ ആശുപത്രി തലങ്ങൾ വരെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, ഇൻസിനേറ്റർ, എയറോബിക്ക് കംമ്പോസ്റ്റിംഗ് എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാത്തത് മൂലമുണ്ടായേക്കാവുന്ന ആരോഗ്യപ്രശ്നങ്ങളെയും മാരകവ്യാധികളെയും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം പഠനം നടത്തുവാനും മുൻകരുതലുകൾ എടുക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാത്തത് മൂലമുണ്ടായേക്കാവുന്ന ആരോഗ്യ പ്രശ്നങ്ങളെയും മാരകവ്യാധികളെയും സംബന്ധിച്ച് ആരോഗ്യ വകുപ്പിന് കീഴിൽ നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കിടയിൽ ബയോ മെഡിക്കൽ മാലിന്യ സംസ്കരണം സംബന്ധിച്ച അറിവും, സമീപനവും, പ്രവർത്തനങ്ങളും എന്ന വിഷയത്തിൽ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ 2023 ൽ പഠനം നടത്തിയ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമാനമായ പഠനം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലും നടത്തിയിട്ടുണ്ട്. ആഗോള തലത്തിലും രാജ്യ തലത്തിലും ബയോ മെഡിക്കൽ മാലിന്യങ്ങൾ മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾ നിലവിലുണ്ട്. ദേശീയ മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |

| | | | |
|---|---|---|---|
| | | | തുടങ്ങിയ സ്ഥാപനങ്ങൾ ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ബയോ മെഡിക്കൽ മാലിന്യങ്ങൾ മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ മുൻനിർത്തി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ